# തൂലിക

Newsletter of
Jesus Youth
*Dubai*

Issue. 407
24 October 2014



''എന്തെന്നാൽ, ക്രിസ്തു എന്നെ അയച്ചത് സ്നാനം നൽകുവാനല്ല, സുവിശേഷം
പ്രസംഗിക്കാനാണ്. എന്നാൽ, വാഗ്വിലാസത്തോടെയല്ല; ആയിരുന്നെങ്കിൽ
ക്രിസ്തുവിൻെറ കുരിശു വ്യർഥമാകുമായിരുന്നു.'' 1 കോറിന്തോസ് 1:17

# തൂലിക

ജീസസ്സ് യൂത്ത് ദുബായിയുടെ വാരാന്ത്യ വാർത്താ പത്രിക

## ഉള്ളടക്കം

| | |
|---|---|
| എഡിറ്റോറിയൽ | 3 |
| കേരളത്തിലെ അകത്തോലിക്കാ സഭകൾ | 4 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 6 |
| യുകാറ്റ് കോർണർ | 7 |
| ഹൃദിസ്ഥമാക്കാൻ ഒരു വചനം | 7 |
| നുറുങ്ങുചിന്തകൾ | 8 |
| വാർത്തകൾ | 9 |
| അറിയിപ്പുകൾ | 10 |



http://thoolikaa.org

http://thoolikaa.net

**എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ.**

**ഇടവിടാതെ പ്രാർഥിക്കുവിൻ.**

**എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ.**

**ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം.**

**തെസലോനിക്ക 1:16 – 18**

## മൊഴിമുത്തുകൾ

**യുദ്ധം എല്ലായ്പ്പോഴും അനുപേക്ഷണീയമല്ല.**

**അത് എപ്പോഴും മനുഷ്യവംശത്തിന് പരാജയമാണ്.**

ജോൺ പോൾ 2 –ാമൻ മാർപാപ്പാ

# പ്രേഷിത ദൗത്യം ആരുടേത്?

**" നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ."**
**(മാർക്കോസ് 15:15)**

തന്റെ സ്വർഗ്ഗാരോഹണ വേളയിലാണ് യേശു ഇങ്ങിനെ ഒരു നൽകിയ പ്രേഷിത ദൗത്യം തന്റെ ശിഷ്യഗണത്തിന് നൽകിയത്. ശിഷ്യന്മാരിലൂടെ പകർന്നു കിട്ടിയ സുവിശേഷത്തിൽ വിശ്വസിച്ചാണ് ആദിമ സഭ ഉടലെടുത്തത്. അതിനാൽ തന്നെ ഈ പ്രേഷിത ദൗത്യം ശിഷ്യന്മാരിലൂടെ എല്ലാ ക്രൈസ്തവരിലേക്കും നൽകപ്പെട്ടിരിക്കുന്നു.

തങ്ങൾക്കു നൽകപ്പെട്ട ദൗത്യം ലോകമെങ്ങും പ്രഘോഷിക്കാനായി അവർ ഓടി നടന്നു. തോമസ്, ബെർത്തലോമിയോ ശ്ലീഹന്മാർ ഇന്ത്യ വരെ വന്നെത്തി. പത്രോസ് ശ്ലീഹാ ജെറുസലേമിൽ നിന്നും റോമിലെത്തി. അന്ത്രയോസ് ശ്ലീഹാ അന്ത്യോക്യ, കോൺസ്റ്റന്റിനേപ്പോൾ തുടങ്ങിയ സ്ഥലങ്ങളിലും അതു പോലെ ഓരോ ശ്ലീഹന്മാരും ജെറുസലേമിൽ നിന്ന് പുതിയ സ്ഥലങ്ങളിലേക്കും സുവിശേഷം അറിയിച്ചു പോയി. യേശുവിനെ നേരിട്ടു കണ്ടിട്ടില്ലാത്ത സാവൂൾ അഥവാ പൗലോസ്, അദ്ദേഹത്തിനു യേശു വെളിപ്പെടുത്തിയ രക്ഷയുടെ സുവിശേഷം റോമാ സാമ്രാജ്യത്തിന്റെ മുക്കിലും മൂലയിലും എത്തിക്കുവാൻ ഓടിനടന്നു. ശിഷ്യന്മാരുടെ തലമുറ കഴിഞ്ഞപ്പോൾ സഭയുടെ അടുത്ത തലമുറയും ക്രിസ്തുവിന്റെ സുവിശേഷം ഓരോ സ്ഥലങ്ങളിലും എത്തിച്ചു കൊണ്ടിരുന്നു. 15-ാം നൂറ്റാണ്ടിൽ പോർട്ടുഗൽ, സ്പെയിൻ തുടങ്ങിയ രാജ്യങ്ങൾ തുടങ്ങിവെച്ച പ്രേഷിത ദൗത്യം (കച്ചവടക്കണ്ണുകളോടെയാണവർ ചെയ്തതെങ്കിൽ പോലും) ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്തുവിന്റെ സുവിശേഷം എത്തുവാൻ കാരണമായി.

പൗലോസിനു ശേഷം ലോകം കണ്ട മഹാമിഷണറിയായ വി. ഫ്രാൻസിസ് സേവ്യർ, തെക്കു കിഴക്കൻ ഏഷ്യയിൽ ക്രിസ്തുമതത്തിന് വലിയൊരു ഉണർവ്വായി മാറി. അതു പോലെ നിരവധി വിശുദ്ധർ യൂറോപ്പിൽ നിന്നും ഏഷ്യയിലെത്തി മരണം വരിച്ചു. അവരുടെയെല്ലാം പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് ഭാരതത്തിൽ നിന്നും മിഷണറിമാർ ഉടലെടുത്തു. ഭാരതത്തിൽ നിന്നുമുള്ള ആദ്യ രക്തസാക്ഷിയായ വിശുദ്ധ ഗൊൺസാലോ ഗാർസിയ, ജപ്പാനിൽ വെച്ചാണ് വധിക്കപ്പെട്ടത്. 2015 ജനുവരി 15 ന് വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുവാൻ പോകുന്ന ശ്രീലങ്കയുടെ അപ്പസ്തോലൻ എന്നറിയപ്പെടുന്ന വാഴ്ത്തപ്പെട്ട ജോസഫ് വാസ് ഭാരതത്തിലെ ഗോവയിൽ നിന്നുമുള്ളതാണ്.

മിഷണറിമാരായ നിരവധി പേർ ഭാരതത്തിനു പുറത്ത് പ്രേഷിത വേല ചെയ്യുന്നുണ്ട്. ഇതെല്ലാം കാണിക്കുന്നത്, യേശു നൽകിയ ദൗത്യം ഇന്നും സഭ തുടരുന്നുവെന്നാണ്. നാം എന്തു പ്രേഷിതദൗത്യമാണ് ചെയ്യുന്നത്? പ്രേഷിത വേലയിലൂടെ സഭയെ നാം സഹായിക്കുന്നുണ്ടോ? അതോ നമുക്കു നൽകപ്പെട്ട ദൗത്യം നാം കുഴിച്ചു മൂടി വെച്ചിരിക്കുകയാണോ.?

നമുക്കും നമ്മുടേതായ പങ്ക് ഈ പ്രേഷിത ദൗത്യത്തിൽ നൽകുവാനാകും. ഒരു മിഷണറിയായോ, മിഷണറികളെയും മിഷണറി പ്രവർത്തനങ്ങളേയും സഹായിച്ചോ, സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് വേണ്ടത്ര സഹകരണം നൽകിയും നമുക്കും ഇതിൽ പങ്കാളികളാകാം. അതിനായി ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം....

**ആന്റിജോയ് ഒളാട്ടുപുറത്ത്**
+971-50-963-4017





# കേരളത്തിലെ അകത്തോലിക്കാ സഭകൾ

*(വായനക്കാരുടെ ആവശ്യപ്രകാരം, കേരളത്തിലെ ക്രൈസ്തവ സഭകളെക്കുറിച്ചുള്ള ലേഖന പരമ്പരയുടെ ആദ്യ ഭാഗമാണിത്.)*

പതിനേഴാം നൂറ്റാണ്ടു വരെ കേരളത്തിൽ ഒരു സഭ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ 1653 ലെ കൂനൻ കുരിശു സത്യത്തിനുശേഷം കേരള സഭ വിഭജിക്കപ്പെട്ടു. ഇന്നു കേരളത്തിൽ കത്തോലിക്കാ സഭയ്ക്കു പുറമേ പ്രധാനമായി യാക്കോബായ സഭ, ഓർത്തഡോക്സ് സഭ, മാർതോമാ സഭ, തെന്നിന്ത്യൻ സഭ, ഇവാഞ്ചെലിക്കൽ സഭ, നെസ്തോറിയൻ സഭ, തൊഴിയൂർ സഭ, പെന്തക്കുസ്താ സഭാ വിഭാഗങ്ങൾ, സെവൻത് ഡേ അഡ്വന്റിസ്റ്റ്, യഹോവാ സാക്ഷികൾ, ബ്രദറൺ മുതലായ അകത്തോലിക്കാ സഭകൾ കൂടിയുണ്ട്.

**യാക്കോബായ ഓർത്തഡോക്സ് സഭകൾ**



1653 ലെ കൂനൻ കുരിശു സത്യത്തെ തുടർന്ന് ഭിന്നിച്ചു നിന്നവരാണ് പിന്നീട് യാക്കോബായക്കാരെന്ന് അറിയപ്പെട്ടത്. അന്ത്യോക്യൻ പാത്രിയാർക്കീസിനാൽ അയയ്ക്കപ്പെട്ട മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ 1665 ൽ കേരളത്തിൽ വരികയും യാക്കോബായ വിശ്വാസം പ്രചരിപ്പിക്കുകയും ചെയ്തു. അങ്ങിനെ ഒന്നാം മാർതോമായുടെ അനുയായികൾ യാക്കോബായക്കാർ എന്നു വിളിക്കപ്പെട്ടു. അഞ്ചാം മാർതോമായുടെ കാലം വരെ യാക്കോബായ സഭ ഐക്യത്തിൽ നിന്നു. ആറാം മാർതോമാ, ദിവാന്നാസിയോസ് എന്ന പേരു സ്വീകരിച്ചു. ഇദ്ദേഹത്തിന്റെ കാലത്ത് ഒരു വിഭാഗവും 4-ാം ദിവാന്നാസിയോസിന്റെ കാലത്ത് മറ്റൊരു വിഭാഗവും മാതൃസഭയിൽ നിന്നും വേർപെട്ടു. 1876ൽ മുളന്തുരിത്തിയിൽ വെച്ച് അന്ത്യോക്യായിലെ പത്രോസ് മൂന്നാമൻ പാത്രിയാർക്കീസിന്റെ അദ്ധ്യക്ഷതയിൽ സൂനഹദോസു കൂടി ഏഴു ഭദ്രാസനങ്ങൾ സ്ഥാപിച്ചു. കൂടാതെ മലങ്കര അസോസിയേഷനും സ്ഥാപിക്കുകയുണ്ടായി.

ആറാം ദിവാന്നാസിയോസിന്റെ കാലത്ത് 1910 ൽ അന്ത്യോക്യൻ പാത്രിയാർക്കീസായിരുന്ന ഇഗ്നേഷ്യസ് അബ്ദുള്ള കേരളത്തിൽ വന്നു. ദിവാന്നാസിയോസും പാത്രിയാർക്കീസും തമ്മിൽ അധികാരാവകാശങ്ങൾ സംബന്ധിച്ചു തർക്കമുണ്ടായി. പ്രശ്നപരിഹാരത്തിന് കോട്ടയത്തു വെച്ച് സൂനഹദോസ് കൂടിയെങ്കിലും അനുരഞ്ജനത്തിനുള്ള സാദ്ധ്യതകൾ കാണായ്കയാൽ പാത്രിയാർക്കീസ്, ദിവാന്നാസിയോസിന് മുടക്കു കല്പന നൽകി. അങ്ങിനെ സഭ രണ്ടായി

പിളർന്നു. പാത്രിയാർക്കീസിനെ അനുകൂലിച്ചവർ ബാവാ കക്ഷിയെന്നും മാർ ദിവാന്നാസിയോസിനെ അനുകൂലിച്ചവർ മെത്രാൻ കക്ഷിയെന്നും വിളിക്കപ്പെട്ടു. 1962 ൽ പാത്രിയാർക്കീസ് ഇഗ്നേഷ്യസ് യാക്കൂബ് മൂന്നാമൻ കേരളത്തിൽ വന്നു നടത്തിയ അനുരഞ്ജനഫലമായി ഇരുവിഭാഗവും തമ്മിൽ യോജിച്ചു. എന്നാൽ 1975 ൽ വീണ്ടും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായി. മെത്രാൻ കക്ഷിക്കാർ (കാതോലിക്കാ കക്ഷി) ഓർത്തഡോക്സ് സിറിയൻ ചർച്ച് എന്നും ബാവാ കക്ഷിക്കാർ സിറിയൻ ഓർത്തഡോക്സ് ചർച്ച് (യാക്കോബായ സഭ) എന്നും ഔദ്യോഗികമായി അറിയപ്പെടുന്നു. ഓർത്തഡോക്സ് വിഭാഗത്തിന്റെ കേന്ദ്രം കോട്ടയത്തും പാത്രീയാർക്കീസ് വിഭാഗത്തിന്റെ കേന്ദ്രം മൂവാറ്റുപുഴയിലുമാണ്. വിശ്വാസവിഷയത്തിൽ കത്തോലിക്കാ സഭയുമായി വളരെ അടുത്തു നിൽക്കുന്ന സഭയാണ് പാത്രിയാർക്കീസ് വിഭാഗത്തിന്റേത്.

**മാർത്തോമാ സഭ**

യാക്കോബായ സഭയിൽ നിന്നും 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉദ്ഭവിച്ച ഒരു സഭയാണിത്. യാക്കോബായ സഭയിൽ സി. എം. എസ്. മിഷണറിമാർ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ഇതു രൂപം കൊണ്ടത്. നവീകരണ കക്ഷിയെന്നും നവീകൃത യാക്കോബായക്കാരെന്നും ഇവർ ആദ്യകാലത്ത് അറിയപ്പെട്ടിരുന്നു. പില്ക്കാലത്ത് നവീകരണകക്ഷി മാർത്തോമാ സഭയെന്ന് അറിയപ്പെടാൻ തുടങ്ങി. പ്രൊട്ടസ്റ്റന്റ് വിശ്വാസാചാരങ്ങളുള്ള പൗരസ്ത്യ സഭാ വിഭാഗമാണ് മാർത്തോമാ സഭ. ഈ സഭയുടെ തലവനായ മാർത്തോമാ വലിയ മെത്രാപ്പോലീത്തായുടെ ആസ്ഥാനം തിരുവല്ലായാണ്.

**സി. എസ്. ഐ. അഥവാ തെന്നിന്ത്യൻ സഭ**

സഭകളുടെ ഐക്യത്തിനുള്ള പരിശ്രമ ഫലമായി തെക്കേ ഇന്ത്യയിലെ പല സഭകളും യോജിക്കുകയുണ്ടായി. ഇപ്രകാരം പ്രസ്ബിറ്റേറിയൻ, മെത്തഡിസ്റ്റ്, ആംഗ്ലിക്കൻ എന്നീ സഭകൾ യോജിച്ച് 1947 ൽ രൂപം കൊണ്ടതാണ് സി. എസ്. ഐ. സഭ. കേരളത്തിൽ ഈ സഭയ്ക്ക് ദക്ഷിണ ഭദ്രാസനം, മധ്യഭദ്രാസനം, ഉത്തര ഭദ്രാസനം എന്നീ മൂന്നു ഭദ്രാസനങ്ങളുണ്ട്. പ്രൊട്ടസ്റ്റന്റ് - ആംഗ്ലിക്കൻ വിശ്വാസവും ആരാധനാക്രമവുമാണ് ഈ സഭ സ്വീകരിച്ചിട്ടുള്ളത്.


**ഇവാൻജെലിക്കൽ സഭ**

മാർത്തോമാ സഭയിൽ ഉണ്ടായ ഒരു അഭിപ്രായ ഭിന്നതയുടെ ഫലമായി പ്രസ്തുത സഭയിൽ നിന്നു പിരിഞ്ഞു പോയതാണ് ഈ സഭ. മാർത്തോമാ വലിയ മെത്രാപ്പോലീത്തയായിരുന്ന യൂഹനോൻ മാർത്തോമ 1952 ൽ മൂന്നു പുതിയ മെത്രാപ്പോലീത്താമാരെ വാഴിച്ചതിൽ ഒരു വിഭാഗം അതൃപ്തരായി. ഇവർ ചില നവീകരണാശയങ്ങളുടെ വക്താക്കളുമായിരുന്നു. ഇവരുടെ പുതിയ ആശയങ്ങൾ സഭയിൽ സ്വീകരിക്കപ്പെടായ്കയാൽ, ഇവർ സഭയിൽ നിന്നും വേർപിരിയുവാൻ തീരുമാനിച്ചു. അങ്ങിനെ 1961 ജൂൺ 26 ന് ആരംഭിച്ച സഭയാണ് മാർത്തോമാ ഇവാൻജെലിക്കൽ സഭ.

(തുടരും)

# വിശുദ്ധ വി.ആന്റണി മരിയ ക്ലാരറ്റ്


## (1807–1870)



ഒരു നെയ്ത്തുകാരന്റെ മകനായി ജനിച്ച ആന്റണി മരിയ ക്ലാരറ്റ് പിതാവിനൊപ്പം നെയ്ത്തുപണികളിൽ വ്യാപൃതനായിരിക്കെയാണ് പുരോഹിതനാകാൻ തീരുമാനിക്കുന്നത്. സ്പെയിനിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. ചെറിയ പ്രായം മുതൽ തന്നെ അദ്ദേഹത്തിന്റെ അസാധാരണമായ ഭക്തി മറ്റുള്ളവർ ശ്രദ്ധിച്ചിരുന്നു. ദിവ്യകാരുണ്യദിവസം ആന്റണി ഭക്തിയിൽ ലയിച്ച് കണ്ണുകളടച്ച് പ്രാർത്ഥനാപൂർവമാണ് തിരുവോസ്തി സ്വീകരിച്ചത്. ഇത് ശ്രദ്ധിച്ച വികാരിയച്ചൻ അന്നു തന്നെ പ്രവചിച്ചു. ' ഇവൻ വൈദികനായിത്തീരും.' അച്ചന്റ പ്രവചനം സത്യമായിത്തീർന്നു. നെയ്ത്തുകാരനായി പിതാവിനെ സഹായിച്ചുകൊണ്ടിരുന്നപ്പോൾ ലത്തീൻ ഭാഷ പഠിച്ച ആന്റണിക്ക് പൗരോഹിത്യം സ്വീകരിക്കാനുള്ള ദൈവവിളിയുണ്ടാവുകയും അദ്ദേഹം സെമിനാരിയിൽ ചേരുകയും ചെയ്തു. 1835 ജൂൺ 13ന് അദ്ദേഹം വൈദികനായി.

ആന്റണിയുടെ ധ്യാനപ്രസംഗങ്ങൾ ഏറെ പ്രസിദ്ധമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുവാനും അനുഗ്രഹങ്ങൾ നേടുവാനുമായി നിരവധി പേർ എത്തുമായിരുന്നു. പരിശുദ്ധ മറിയത്തോടും വി.കുർബാനയോടുമുള്ള ഭക്തിക്ക് ഊന്നൽ കൊടുത്താണ് അദ്ദേഹം പ്രസംഗിച്ചിരുന്നത്. പത്തുവർഷം ധ്യാനപ്രാസംഗികനായി പല സ്ഥലങ്ങൾ സന്ദർശിച്ചശേഷം അദ്ദേഹം അഞ്ചു യുവവൈദികരെ ചേർത്ത് പുതിയൊരു സന്യാസസഭയ്ക്ക് തുടക്കമിട്ടു. ' മറിയത്തിന്റെ വിമല ഹൃദയത്തിന്റെ സഭ' എന്നായിരുന്നു അതിന്റെ പേര്. ക്ലരേഷ്യൻസ് എന്ന് ഈ സഭയിലെ സന്യാസികൾ വിളിക്കപ്പെടുന്നു. ക്യൂബയിലെ സാന്തിയാഗോ രൂപതയുടെ ആർച്ച് ബിഷപ്പായി ആന്റണി മരിയ നിയമിതനായി. ക്യൂബയിലെ സഭയെ യഥാർത്ഥ വഴിയിലേക്ക് കൊണ്ടുവന്നത് ആന്റണിയായിരുന്നു. വെള്ളക്കാരും നീഗ്രോകളും തമ്മിലുള്ള പ്രശ്നങ്ങളും വിഭാഗീയതയും ആത്മീയമായ ചേരിതിരിവും അവിടയെുണ്ടായിരുന്നു. പ്രശ്നങ്ങളെല്ലാം സമർത്ഥമായി പരിഹരിച്ച് അദ്ദേഹം ക്യൂബൻ സഭയെ ഉയർത്തെഴുന്നേൽപിച്ചു.

സ്പെയിനിലെ ഇസബെല്ല രാജ്ഞിയുടെ കുമ്പസാരക്കാരനായിരുന്നു.ഇസബെല്ല രാജ്ഞി നാടുകടത്തപ്പെട്ടപ്പോൾ അദ്ദേഹവും അവർക്കൊപ്പം പോയി. സ്പെയിനിൽ പ്രേഷിത 7




## 90). യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചുവോ? അവ വെറും ഭക്തികഥകളാണോ?

**യേശു യഥാർത്ഥത്തിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചു. അപ്പസ്തോലൻമാരും അങ്ങനെ ചെയ്തു. പുതിയ നിയമകർത്താക്കൾ യഥാർത്ഥ സംഭവങ്ങളാണ് പരാമർശിക്കുന്നത്.**

ഏറ്റവും പഴയ ഉറവിടങ്ങൾ പോലും അനേകം അത്ഭുതകൃത്യങ്ങളെപ്പറ്റി പറയുന്നുണ്ട്. മരിച്ചവരെ ഉയിർപ്പിക്കുന്ന സംഭവങ്ങൾ പോലും. യേശു തന്റെ പ്രഭാഷണത്തിന്റെ സ്ഥിരീകരണമായാണ് അങ്ങനെ ചെയ്യുന്നത്. ' ദൈവാത്മാവിനെക്കൊണ്ടാണ് ഞാൻ പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതെങ്കിൽ ദൈവരാജ്യം നിങ്ങളിൽ വന്നുകഴിഞ്ഞിരിക്കുന്നു' (മത്താ 12:28). അദ്ഭുതകൃത്യങ്ങൾ പരസ്യമായാണ് സംഭവിച്ചത്. അതിൽ ഉൾപ്പെട്ട ചില വ്യക്തികൾ അവരുടെ പേരോടുകൂടെ അറിയപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന്, അന്ധനായ ബർതിമേയൂസ് (മർക്കോ 10:46–52) അല്ലെങ്കിൽ പത്രോസിന്റെ അമ്മായിയമ്മ (മത്താ.8:14–15). യഹൂദരുടെയിടയിൽ ഞെട്ടിക്കുന്നതും അക്രമപരമായി കരുതപ്പെടുന്നതുമായ അദ്ഭുത കൃത്യങ്ങളുമുണ്ടായിരുന്നു (ഉദാഹരണത്തിന്, സാബത്തുദിവസം മുടന്തനെ സുഖപ്പെടുത്തിയത്, കുഷ്ഠരോഗികളെ സുഖപ്പെടുത്തിയത്). എന്തായാലും അവ അക്കാലത്തെ യഹൂദ മതത്തിൽ വിവാദവിഷയമായില്ല.

## വിശുദ്ധരുടെ ജീവിതങ്ങൾ. . . തുടർച്ച

പ്രവർത്തനം ചെയ്തു. ഒന്നാം വത്തിക്കാൻ സുനഹദോസിൽ പങ്കെടുത്തശേഷം ഫ്രാൻസിൽ സ്ഥിരതാമസമാക്കി. പിന്നീട് മരണം വരെയും അവിടെ കഴിഞ്ഞു. ഇരുനൂറിലേറെ പുസ്തകങ്ങൾ എഴുതിയിട്ടു ആന്റണി ജീവിച്ചിരിക്കുമ്പോൾ തന്നെ നിരവധി അദ്ഭുത പ്രവൃത്തികൾ ചെയ്ത വിശുദ്ധനാണ്. 1950ൽ പോപ് പയസ് പന്ത്രണ്ടാമൻ ആന്റണിയെ വിശുദ്ധനായി പ്രഖ്യാപിച്ചു.

## ഹൃദിസ്ഥമാക്കാൻ ഒരു വചനം

**നീ നിൻെറ ദൈവമായ കർത്താവിനെ**
**പൂർണ ഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും**
**കൂടെ സ്നേഹിക്കുക. ഇതാണ് പ്രധാനവും പ്രഥമവുമായ കൽപന.**

മത്തായി 22:37,38

ബെന്നി പുന്നത്തറ

# സാന്റിയാഗോയിലെ സുഭാഷിതങ്ങൾ...

ലോകത്തിലെ ഏറ്റവും വലിപ്പമുള്ള ജീവി നീലത്തിമിംഗലമാണ്. കാലിഫോർണിയായിലെ സാന്റിയാഗോ നഗരത്തിലെ 'വാട്ടർ വേൾഡിൽ' വെച്ചാണ് കടലാന എന്നറിയപ്പെടുന്ന നീലത്തിമിംഗലത്തെ ഞാനാദ്യമായി നേരിൽ കാണുന്നത്. കാഴ്ചയിൽ തന്നെ അത്ഭുതവും ഭയവും ജനിപ്പിക്കുന്ന വലുപ്പമായിരുന്നു അതിന്റേത്. പക്ഷേ അതിനെക്കാൾ എന്നെ അത്ഭുതപ്പെടുത്തിയത് ഇത്രമാത്രം വലുപ്പമുള്ള ഈ ജീവിയെ ഒരു യുവതി നിയന്ത്രിക്കുന്നതാണ്. അവൾ പറയുമ്പോൾ തിമിംഗലം ആകാശത്തേക്ക് കുതിച്ച് ചാടുന്നു, നീന്തുന്നു, മുങ്ങുന്നു, തിമിംഗലത്തിന്റെ പുറത്തിരുന്ന് ആ സ്ത്രീ യാത്ര ചെയ്യുന്നു, തിമിംഗലത്തിന് ചുംബനം നല്കുന്നു... എന്നാൽ കഴിഞ്ഞവർഷം കണ്ട ഒരു പത്രവാർത്ത എന്നെ തികച്ചും ദുഃഖിതനാക്കി. കാരണം ആ തിമിംഗലം തന്റെ പരിശീലകയായ സ്ത്രീയെ കടിച്ചു തിന്നു എന്നതായിരുന്നു അത്. എത്രയോ വർഷത്തെ പരിശീലനം... എത്ര മനോഹരമായ ബന്ധമായിരുന്നു അവരുടേത്. ഒരിക്കലും ആ തിമിംഗലത്തിൽ നിന്നും ഇങ്ങനെയൊരു പെരുമാറ്റം ഉണ്ടാകുമെന്ന് അവൾ കരുതിയിട്ടുണ്ടാവുകയില്ല. അതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരുന്നപ്പോൾ മനസിലുയർന്ന ചിന്തകൾ ഇപ്രകാരമാണ്.

പാപസ്വഭാവങ്ങളെ എത്രമാത്രം കീഴടക്കിയാലും എപ്പോൾ വേണമെങ്കിലും അത് വീണ്ടും നമ്മുടെ മേൽ ആധിപത്യം പുലർത്താം. ഏത് രോഗത്തെ കീഴടക്കിയാലും എപ്പോൾ വേണമെങ്കിലും മരണം കടന്നുവരാം എല്ലാം ശുഭമായിരിക്കുമ്പോഴും അപകടം കടന്നുവരാം. അതിനാൽ എപ്പോഴും എവിടെയും ഉണർവ്വുള്ളവരും ജാഗ്രതയുള്ളവരുമായിരിക്കേണ്ടത് അത്യാവശ്യമാണ്. അതിനാലാണ് **' നിരപ്പുള്ള വഴിയിലും അമിതമായ ആത്മവിശ്വാസം പാടില്ല'** എന്ന് സുഭാഷിതങ്ങളിൽ പറയുന്നത്.

ബിസിനസെല്ലാം ഭംഗിയായി പോകുന്നു, ജോലിയിൽ കുഴപ്പങ്ങളൊന്നുമില്ല, പ്രാർത്ഥനാജീവിതവും ഭംഗിയായി തന്നെ പോകുന്നു... ഇങ്ങനെയുള്ള അവസരങ്ങളിൽ അലസതയും അതുവഴി ജാഗ്രതയില്ലായ്മയും കടന്നുവരിക എളുപ്പമാണ്. അവസരം നോക്കിയിരിക്കുന്ന ശത്രു നുഴഞ്ഞു കയറുന്നത് അപ്പോഴാണ്. കൃഷിക്കാരൻ ഉറങ്ങിയപ്പോഴാണ് ശത്രു വയലിൽ കളകൾ വിതച്ചത്. അതിനാൽ സദാസമയവും ഉണർവുള്ളവരായിരിക്കാൻ ദൈവത്തിന്റെ കൃപ നമുക്കാവശ്യമാണ്. എല്ലാം ഭംഗിയായി പോകുമ്പോൾ ദൈവാശ്രയത്വം കുറയുകയും അതുവഴി ദൈവികസംരക്ഷണം നഷ്ടപ്പെടുകയും ചെയ്യാൻ സാധ്യത കൂടുതലാണ്. അതുകൊണ്ട് എപ്പോഴും നമുക്കിങ്ങനെ പ്രാർത്ഥിക്കാം.

**കർത്താവേ...ഞാൻ വീണാൽ ഉടയുന്ന മൺപാത്രമാണല്ലോ. അതിനാൽ അങ്ങുതന്നെ ഈ ദിവസം എന്നെ കരങ്ങളിൽ വഹിക്കണമേ. തിന്മ പതിയിരിക്കുന്ന പാതകളിലൂടെ യാത്ര ചെയ്യുന്ന എന്നെ അവിടുത്തെ കാവൽദൂതന്മാരുടെ സംരക്ഷണയിൽ കാത്തുകൊണ്ടാലും. ഒരു നിമിഷംപോലും അലസതയിൽ വീണുപോകാതിരിക്കാൻ ഉണർവിന്റെ ആത്മാവിനെ എനിക്ക് നല്കിയാലും ആമേൻ...**

# പ്രത്യേക സിനഡിന്റെ സമാപനത്തിൽ പോൾ ആറാമൻ പാപ്പായെ വാഴ്ത്തപ്പെട്ട പദത്തിലേയ്ക്ക് ഉയർത്തി



പാപ്പാ ഫ്രാൻസിസ്, ധന്യാനായ പോൾ ആറാൻ പാപ്പായെ വാഴ്ത്തപ്പെട്ട പദത്തിലേയ്ക്ക് ഉയർത്തി. ആഗോള സഭയിൽ വാഴ്ത്തപ്പെട്ടവനായ പാപ്പായുടെ അനുസ്മരണ ദിനം ജന്മദിനമായ സെപ്തംബർ 26ന് ആചരിക്കപ്പെടണമെന്നും പാപ്പാ പ്രഖ്യാപിക്കുകയുണ്ടായി.

വാഴ്ത്തപ്പെട്ടവനായ പോൾ ആറാമനെ മഹാനും ധീരനുമെന്ന് വിശേഷിപ്പിച്ചു. അദ്ദേഹം സഭയുടെ അഭ്യുന്നതിക്കായി അക്ഷീണം പരിശ്രമിച്ച പ്രേ ഷിതവര്യനായിരുന്നുവെന്നും കൂട്ടിച്ചേർത്തു. ദൈവം തന്നെ വിളിച്ചത് കാലി കമായ സഭയുടെ പ്രതിസന്ധികളിൽ അവളെ നയിക്കു വാനും, പ്രതിസന്ധികൾ മറികടക്കാൻ സഹായി ക്കുവാനുമുള്ള ഉപകരണമായിട്ടു മാത്രമാ ണെന്ന വാഴ്ത്തപ്പെട്ട പോൾ ആറാമന്റെ വാക്കുകൾ പാപ്പാ ഉദ്ധരിച്ചു. അയോഗ്യതയിലും ദൈവം നമ്മോട് നല്ലവനാണെന്നും, അവിടുന്ന് തന്റെപ സഭയെ നവീകരി ക്കാൻ തന്നെ ഉപകരണമാക്കുക മാത്ര മാണെന്ന ചിന്തകളും പാപ്പാ പങ്കുവച്ചു. പോൾ ആറാമൻ പാപ്പായുടെ മാദ്ധ്യസ്ഥത്തിൽ സ്വീകരിച്ച അത്ഭുതരോഗ ശാന്തി സ്ഥിരീകരിക്കുന്ന റിപ്പോർട്ട്, വിശുദ്ധ രുടെ നാമകരണ നടപടികൾക്കുള്ള വത്തിക്കാൻ സംഘം സമർപ്പിച്ചത്, പാപ്പാ ഫ്രാൻസിസ് അംഗീകരി ച്ചശേഷം 2014, മെയ് 9ാം തിയതി പുറത്തിറക്കിയ ഡിക്രി പ്രകാരമാണ്, ഒക്ടോബർ 19ാം തിയതി ഞായറാഴ്ച പുണ്യശ്ലോകനായ പാപ്പായെ വാഴത്തപ്പെട്ടപദത്തിലേയ്ക്ക് ഉയർത്താൻ നടപടിയായത്. വടക്കെ ഇറ്റലിയിലെ ബ്രേഷ്യാ സ്വദേശിയാണ് പാപ്പാ മൊന്തീനി. 1897 സെപ്തംബർ 26ന് വടക്കെ ഇറ്റലിയിലെ ബ്രേഷ്യയിലാണ് ജനനം. 1920 പൗരോഹിത്യം സ്വീകരിച്ചു. റോമിൽ ഉന്നതപഠനം നടത്തി. വത്തിക്കാൻ നയതന്ത്ര വിഭാഗത്തിൽ പ്രവർത്തിച്ചു. 1924 വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടേറിയേറ്റിൽ നിയമിതനായി. പിയൂസ് 11ാമൻ 12ാമൻ പാപ്പാമാരുടെ കാലത്ത് റോമിലെ ലാറ്ററൻ യൂണി വേഴ്സിറ്റിയിൽ പ്രഫസറായും സേവനമനുഷ്ഠിച്ചു. ലോകമഹായദ്ധങ്ങൾക്കു ശേഷം ഇറ്റലിയിലെ പ്രഥമ കത്തോലിക്കാ തൊഴിലാളി സംഘടനയ്ക്ക് രൂപം നല്കി. ഇറ്റലിയിലെ ക്രിസ്ത്യൻ ഡെമോക്രാറ്റിക്ക് പാർട്ടിയും പോൾ ആറാമന്റെ രാഷ്ട്രീയ സ്വപ്ന സാക്ഷാത്ക്കാരമായിരുന്നു. 1954ൽ അദ്ദേഹം മിലാൻ അതിരൂപതാദ്ധ്യക്ഷനായി നിയമിതനായി. മിലാൻ കേന്ദ്രീകരിച്ച് മിഷൻ പ്രവർത്തനങ്ങൾ ക്ക് തുടക്കം കുറിച്ച ആർച്ചു ബിഷപ്പ് മൊന്തീനി ശ്രദ്ധേയനായി രുന്നു. ജോൺ 23ാമൻ പാപ്പാ 1958ൽ അദ്ദേഹത്തെ കർദ്ദിനാൾ പദവിയിലേയ്ക്ക് ഉയർത്തി. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഒരുക്കങ്ങളിൽ സജീവനായിരുന്ന കർദ്ദിനാൾ മൊന്തീനി, ജോൺ 23ാമൻ പാപ്പായുടെ മരണത്തെത്തുടർന്ന് 1963 ജൂൺ 21ന് പത്രോസിന്റെ പരമാധികാരത്തിലേയ്ക്ക് ഉയർത്തപ്പെട്ടു.

ഇറ്റലിക്കു പുറത്തേയ്ക്കും, ലോകത്തിന്റെ എല്ലാ ഭൂഖണ്ഡങ്ങളിലേയ്ക്കും ആദ്യമായി അപ്പസ്തോലിക തീർത്ഥടനം നടത്തിയ പാപ്പായാണ് പോൾ ആറാമൻ, ഭാരത മണ്ണിൽ കാലുകുത്തിയ പത്രോസിന്റെ പ്രഥമ പിൻഗാമിയും വാഴ്ത്തപ്പെട്ട പോൾ ആറാമൻ പാപ്പാ തന്നെയാണ്. 1964ൽ മുമ്പൈ അതിരൂപത സംഘടിപ്പിച്ച അന്തർദേശീയ ദിവ്യകാരുണ കോഗ്രൺസിനോട് അനുബന്ധിച്ചായിരുന്നു പാപ്പായുടെ ചരിത്രസന്ദർശനം. രണ്ടാം വത്തിക്കാൻ സൂനഹദോസിലൂടെ സഭയെ ആധുനീകയുഗ ത്തിലേയ്ക്കും കാലികമായ മാറ്റങ്ങളിലേയ്ക്കും നവീകരണത്തിലേയ്ക്കും നയിച്ച പുണ്യശ്ലോകനായ പോൾ ആറാമൻ പാപ്പാ 1978 ആഗസ്റ്റ് 6ാം തിയതി ക്രിസ്തുവിന്റെ രൂപാന്തരീകരണ തിരുനാളിൽ കാലംചെയ്തു. 2012ൽ മുൻപാപ്പാ ബനഡിക്ട് 16ാമനാണ് പോൾ ആറാമൻ പാപ്പായുടെ ജീവിതത്തിലെ വീരോചിത പുണ്യങ്ങൾ അംഗീകരിച്ചത്.

## എ ജേണി വിത്ത് മദർ മേരി

ജീസസ്സ് യൂത്ത് ഇന്റർസെഷൻ ടീമിന്റെ ആഭിമുഖ്യത്തിൽ നാളെ (ഒക്ടോബർ 25) ശനിയാഴ്ച **എ ജേണി വിത്ത് മദർ മേരി** എന്ന പേരിൽ ഒരു പ്രാർത്ഥനാ ദിനം സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് റോസരി റാലിയും നടത്തുന്നു. 6:30ന്റെ ദിവ്യബലിക്കു ശേഷം ഫുജൈറായിൽ നിന്നും പുറപ്പെടുന്ന സംഘം റാസ് അൽ ഖൈമ, ഉം അൽ ക്വൊയിൻ, അജ്മാൻ, ഷാർജാ വഴി റഷീദിയായിലെ ജെ.വൈ. ഹോമിൽ എത്തിച്ചേരും. മറ്റൊരു ടീം അബുദാബിയിൽ നിന്നും പുറപ്പെട്ട് അലൈൻ, ജെബൽ അലി, ദുബായ് വഴി റഷീദിയായിലെ ജെ.വൈ. ഹോമിൽ എത്തിച്ചേരും. റാലിയിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് ജെ.വൈ ഹോമിൽ വെച്ചു നടത്തുന്ന മധ്യസ്ഥ പ്രാർത്ഥനയിൽ പങ്കുചേരാവുന്നതാണ്. പങ്കെടുക്കുന്നവർ കുമ്പസാരിക്കുകയും ദിവ്യബലിയിൽ പങ്കെടുക്കുകയും ഉപവാസം നടത്തേണ്ടതുമാണ്.

## ആശംസകൾ

ജന്മദിനമാഘോഷിക്കുന്ന ജോൺ തോമസ്, ജിമ്മി ജോസഫ് (24), ജോഷിമോൻ തോമസ് (25), ആൽവിൻ തോമസ് (27), ഹെൽടിൻ റോബർട്ട് (28) എന്നിവർക്ക് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേർന്നുകൊള്ളുന്നു.

## ഇ– മെയിൽ

ജീസസ്സ് യൂത്ത് ഗ്രൂപ്പിൽ നിന്നുമുള്ള അറിയിപ്പുകളും ജോലി സംബന്ധമായ ഒഴിവുകളെക്കുറിച്ചും അറിയുന്നതിന് നിങ്ങളുടെ ഇമെയിൽ അഡ്രസ്സ് **dubaijy@gmail.com** എന്നതിലേക്ക് അയക്കുക.

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേയ് **(thoolikaa@gmail.com)** അയച്ചുതരുമല്ലോ.

## പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്

- ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക.

English Mass Timings
**St. Mary's Church, Dubai**

**Friday**: 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday**: 6:00 am, 6:45 am, 9:00 am, 12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday**: 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu)**: 6:00 am, 6:45 am, 12 noon & 7:00 pm

## ജീസസ്സ് യൂത്ത് – ദുബൈ

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) – രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6–ൽ).
- **മധ്യസ്ഥപ്രാർത്ഥന**: എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4–ൽ).
- **നൈറ്റ് വിജിൽ** – മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** – മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- **JY English**: 7:00 മുതൽ 9:00 (Saturdays)

# ജീസസ്സ് യൂത്ത് ഫാമിലി

- **J.Y. ഹോം. റാഷിദിയ**
  ഡാൽട്ടൺ & സ്മിന 055 4523032
- **അൽ നാഹ്ദ സോണൽ**
  സെബാസ്റ്റ്യൻ & ലിജിയ 050–3986934

## ദിവ്യബലി സമയം – മലയാളം

സെന്റ് മേരീസ് ദേവാലയം – ദുബൈ

- എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം **2** മണിക്ക്
- ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം **8** മണിക്ക്
- നാലാമത്തെ ബുധനാഴ്ച വൈകുന്നേരം **8** മണിക്ക്
- **മലങ്കര റീത്തിൽ**: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** – ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** – വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മധ്യസ്ഥപ്രാർത്ഥന** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ

# സോണൽ കൂട്ടായ്മകൾ

- **കരാമ** – ഡെന്നി (056–6375889)
- **ബർദുബായ്** – ബോബൻ (055–2179148)
- **ലുലു വില്ലേജ്** – അരുൺ (052–7308025)
- **അൽ നാഹ്ദ** – ജോഫ്രിൻ (050–8879491)
- **ഖിസൈസ്** – ടോളി ആന്റണി (055 5507213)
- **സോനാപൂർ** – പ്രവീൺ (055–3604834)
- **അൽഖൂസ് (1)** – സിബി (055–6852279)
- **അൽഖൂസ് (2)** – ആൻസൺ (055–1448536)
- **അൽഖൂസ് (3)** – ഷിനോ (055–1742790)
- **അൽഖൂസ് (4)** – സോണി (056–9334565)
- **അൽഖൂസ് (5)** – ജോസ് (055–7412601)
- **മുത്തീന** – അജോ (055–7656110)
- **അൽ ബറാഹ** – ലിജോ (055–9108353)
- **സത്‌വാ** – സ്മിജോ (055–7419263)
- **ഹോർഅൽആൻസ്** – സിജോ (055–3173864)
- **ഇന്റർനാഷണൽ സിറ്റി** – ബിബിൻ (055–2384627)

***for private circulation (within the church compound) only***

***Thoolika*** *- Weekly newsletter of Dubai Jesus Youth.*
***Published by****: Vipin Raphael (050-1631622) for Literature Ministry of Jesus Youth, Dubai*
***Patron****: Rev. Fr. Seraphin OFM Cap.* ***Animator****: Shaji Joseph*
***Editor****: Antijoy Olattupurath (050-9634017)* ***Cover****: Liju Chandy*
***E-mail****: thoolikaa@gmail.com* ***Web:*** http://thoolikaa.org & http://thoolikaa.net

"To change the world

we must be good to those

who cannot repay us."

**POPE FRANCIS**

TWITTER @PONTIFEX

Jesus Youth
DUBAI

FOR PRIVATE CIRCULATION (WITHIN THE CHURCH COMPUND) ONLY